# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 29** **July 2015** **No.4**

# എഡിറ്റോറിയൽ

ജനങ്ങളുടെ വിശ്വാസം പുറമെയുള്ള കാര്യങ്ങളിലാണ് എന്നു തോന്നിപ്പിക്കുന്നതാണ് അവരുടെ മതഭക്തി. കാരണം അവർ വിചാരിക്കുന്നത് ദൈവം പ്രത്യേക സ്ഥലങ്ങളിൽ വസിക്കുന്നു എന്നാണ്. എന്നാൽ സത്യം അതിനപ്പുറമാണ്. ദൈവം പുറമെയോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സ്ഥലത്തോ വസിക്കുവാൻ ആഗ്രഹിക്കുന്നില്ല. ദൈവം മനുഷ്യരെ സൃഷ്ടിച്ചത് ദൈവത്തിന്റെ സന്തതികളായി ജീവിക്കുവാനും അവനെ മഹത്വപ്പെടുത്തുവാനുമാണ്. ആകയാൽ മനുഷ്യഹൃദയങ്ങളിലാണ് ദൈവം വസിക്കുവാൻ ആഗ്രഹിക്കുന്നത്. ദൈവം ഭൗതികനല്ല, ആത്മികനാണ് എന്നു എല്ലാവരും തിരിച്ചറിയണം. അതുകൊണ്ട് മനുഷ്യരെ ആർക്കും ഭൗതികമായ കണ്ണുകൾ കൊണ്ട് കാണുവാൻ കഴിയുകയില്ല. അദൃശ്യനായ ദൈവത്തെ ഭൗതികമായി കാണുവാനും ശ്രമിക്കരുത്.

ആളുകളുടെ ധാരണ പള്ളികളും ക്ഷേത്രങ്ങളും വളരെ മനോഹരമായി സൂക്ഷിച്ചാൽ ദൈവം അവിടെ വസിക്കും എന്നാണ്. അതൊരിക്കലും ശരിയല്ല. നമ്മുടെ ഓരോരുത്തരുടേയും മനസ് അഥവാ ഹൃദയമാണ് നിർമ്മലമായി സൂക്ഷിക്കേണ്ടത്. ആളുകളുടെ മനസിന്റെ ജീർണ്ണതയാണ് ഏതൊരു നാടിന്റെയും ശാപം. ഒരു സമൂഹം മെച്ചപ്പെടണമെങ്കിൽ, അവിടത്തെ വ്യക്തികൾ നന്നാവണം. അതിന് അവിടെയുള്ള ആളുകളുടെ വിശ്വാസവും ഭക്തിയും ആത്മാർത്ഥമാകണം. ആളുകൾ പാരമ്പര്യമായി പഠിച്ചതനുസരിച്ചാണ് പ്രവർത്തിക്കുന്നത് എന്നതാണ് പ്രശ്നം. പരിഹാരം സത്യമാണ്.

എപ്പോഴും നാം തിരിച്ചറിയേണ്ട യാഥാർത്ഥ്യം എന്തെന്നാൽ, മനുഷ്യരെല്ലാവരും ദൈവം ആരാണെന്നും അവൻ മനുഷ്യർക്ക് എന്തു ചെയ്യുന്നു എന്നും മനസിലാക്കണം എങ്കിൽ മാത്രമെ നമ്മുടെ ബന്ധം എപ്രകാരമായിരിക്കണമെന്ന് ബോധ്യമാകയുള്ളു. അതിന് നമുക്ക് ലോകജ്ഞാനമല്ല ആവശ്യം, മറിച്ച് ദൈവ പരിജ്ഞാനമാണ് ആവശ്യം. ദൈവശ്വാസിയമായ വചനമാണ് ആധികാരികം. നാം ആശ്രയിക്കേണ്ടത് ദൈവത്തിന്റെ വചനത്തെയാണ്. പലരും അജ്ഞതയിലാണ് കഴിയുന്നത്. അജ്ഞത ഒരു ഒഴികഴിവായി എടുക്കരുത്, ദൈവം എല്ലാവർക്കും നല്ലവനും അവന്റെ ദയയും കരുണയും എന്നേക്കുമുള്ളതുമാണ്. നീതിമാനും നീതികെട്ടവനും ദൈവം നല്ലവനാണ്. മനുഷ്യരെ പാപത്തിൽനിന്നു ഉദ്ധരിക്കുവാനാണ് ദൈവത്തിന്റെ പദ്ധതി അവൻ വെളിപ്പെടുത്തിയിരിക്കുന്നത്. ദൈവത്തിന്റെ കൃപ നിങ്ങൾക്കും എനിക്കും ഇന്ന് ലഭ്യമാണ്. അത് സകല മനുഷ്യരും അറിയണം. ദൈവത്തിന്റെ കോപവും ശാപവും വരുത്തിവെക്കുന്നത് നമ്മുടെ പാപമാണ് എന്ന കാര്യം ഓർമ്മിക്കുക.

ഏതെങ്കിലും ഒരു ദേശം നശിച്ചുപോകുന്നു എങ്കിൽ അതിന് കാരണം അവിടെയുള്ള ജനങ്ങളുടെ ജീവിതമാണ്. ദൈവത്തിന്റെ നിയമത്തെ ലംഘിച്ചുകൊണ്ട് നാം പുറമെ എന്തു ചെയ്താലും ഒരു ഫലവുമില്ല. ദൈവം മനുഷ്യരുടെ ഹൃദയത്തെയാണ് നോക്കുന്നത്. അല്ലാതെ നാം പുറമെ എന്തു ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും എന്നാണ് തിരുവെഴുത്ത് പറയുന്നത്. ആകയാൽ ദൈവഹിതപ്രകാരമുള്ള ജീവിതമാണ് ഓരോരുത്തരും സ്വീകരിക്കേണ്ടത്. അതിന് മനുഷ്യരുടെ പാപത്തിനായി മരിച്ച് അടക്കപ്പെട്ട ക്രിസ്തുവിൽ വിശ്വസിക്കയും പാപസ്വഭാവം ഉപേക്ഷിച്ച്, മനസ് പുതുക്കി രൂപാന്തരപ്പെട്ട് കർത്താവ് ദൈവപുത്രനാണെന്ന് ഹൃദയപൂർവ്വം ഏറ്റുപറഞ്ഞ് പിതാവിന്റേയും പുത്രന്റെയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ പാപമോചനത്തിനായി സ്നാനം ഏൽക്കുകയും ചെയ്യുമ്പോൾ ക്രിസ്തു നമ്മെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. തുടർന്ന് നാം മരണത്തോളം അവന്റെ വചനപ്രകാരം വിശ്വസ്തമായി ജീക്കയും ചെയ്താൽ അവൻ നമുക്ക് നിത്യജീവൻ നൽകും.

✶

# ക്രിസ്തുവിന്റെ ഉപദേശം നിങ്ങൾക്കു സുപ്രധാനമോ

***J.C.* ചോട്ട്**

തിരഞ്ഞെടുക്കാവുന്ന ഒരു വസ്തുതയോ അഭിപ്രായമോ ആണ് ഉപദേശം എന്നാണ് അധികം ആളുകളും വിശ്വസിച്ചിരിക്കുന്നതു. ഉദ്ധരിക്കാവുന്നതും വാദിക്കാവുന്നതുമായ ഒന്നാണ് അതു എന്ന വീക്ഷണക്കാരും ധാരാളം ഉണ്ട്. ക്രിസ്തുവിന്റെ പ്രബോധനമാണ് ഉപദേശം. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് അതിനു വലിയ പ്രാധാന്യമുണ്ട്. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു (2 തിമൊഥെയൊസ് 3:16, 17). ക്രിസ്തുവിന്റെ ഉപദേശത്തെ നിങ്ങൾ പ്രാധാന്യമുള്ളതായി കാണുന്നുണ്ടോ?

1. ക്രിസ്തുവിന്റെ ഉപദേശം, ദൈവത്തിന്റേതാണ് അതുകൊണ്ട് അവനു അതു അതീവ പ്രധാന്യമുള്ളതാണ്. പുനരുത്ഥാനമില്ല എന്നു വിശ്വസിച്ചിരുന്ന സദൂക്യരുടെ വാദഗതികളെ വേരോടെ പിഴുതുകളയുന്ന യേശുക്രിസ്തുവിന്റെ ഉപദേശം കേട്ടിട്ടു പുരുഷാരം വിസ്മയിച്ചു (മത്തായി 22:33). ശബ്ബത്തിൽ പള്ളിയിൽ ചെന്നു ഉപദേശിച്ച യേശുക്രിസ്തുവിനെ ആളുകൾ വിലമതിച്ചു. അവന്റെ ഉപദേശം ശാസ്ത്രിമാരെ പോലെ അല്ല; അധികാരമുള്ളവനെ പോലെ ആയിരുന്നു. അതുകൊണ്ട് അവന്റെ ഉപദേശത്തിൽ ആളുകൾ അതിശയിച്ചു (മർക്കൊസ് 1:21-22). മതപരമായ കാര്യങ്ങളിൽ എല്ലാം തന്നെ നമുക്കു ക്രിസ്തുവിന്റെ ഉപദേശമാണ് ആവശ്യം. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്നാണ് കർത്താവു അരുളിച്ചെയ്തതു (മത്തായി 28:18). അതു കൊണ്ടുകൂടെ യേശുക്രിസ്തുവിന്റെ ഉപദേശത്തിനു പ്രസക്തി ഏറുന്നു.

2. അപ്പൊസ്തലന്മാർക്കും ആദ്യ ക്രിസ്ത്യാനികൾക്കും ക്രിസ്തുവിന്റെ ഉപദേശം പ്രാധാന്യമുള്ളതായിരുന്നു.

പെന്തെകൊസ്തു നാളിൽ 3,000 പേർ വചനം കേട്ടു സ്നാനം ഏറ്റു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും പോന്നു. ദൈവശ്വാസീയരായ ആളുകളുടെ ഉപദേശം അവർക്കു കാര്യമായി തോന്നി. അവരുടെ നിർദ്ദേശങ്ങൾ അവർ ഗൗരവമായി എടുത്തു.

3. പുതിയ നിയമ ക്രിസ്ത്യാനിയായിരിക്കുന്ന ഓരോ വ്യക്തിക്കും ക്രിസ്തുവിന്റെ ഉപദേശം പ്രാധാന്യമുള്ളതാണ്. ഒരിക്കൽ പാപത്തിനു ദാസൻമാർ ആയിരിക്കുന്നവർ അപ്പൊസ്തലന്മാരുടെ ഉപദേശരൂപം ഹൃദയപൂർവ്വം അനുസരിച്ചതുകൊണ്ട് അവർ പാപത്തിൽ നിന്നു സ്വതന്ത്രരായി, പുതിയ നിയമ ക്രിസ്ത്യാനികളായി തീർന്നു (റോമർ 6:17, 18). സത്യസന്ധതയുള്ള ഒരു ക്രിസ്ത്യാനി ഈ ഉപദേശത്തെ മാനിക്കും: തന്നെയുമല്ല തന്റെ ഉപദേശം വചനാനുസരണമോ അല്ലയോ എന്നു പരിശോധിക്കും. അങ്ങനെ ചെയ്താൽ മാത്രമെ തന്നെയും തന്റെ ഉപദേശം കേൾക്കുന്നവരെയും രക്ഷിക്കാൻ കഴിയൂ (1 തിമൊഥെയൊസ് 4:13, 16). ഒരാൾ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അതിർ കടന്നുപോയാൽ അയാൾക്കു ദൈവമില്ലാത്ത അവസ്ഥയാണുള്ളതു (2 യോഹന്നാൻ 9,10). അതുകൊണ്ട് ക്രിസ്തുവിന്റെ ഉപദേശത്തിനുള്ള പ്രാധാന്യം വ്യക്തമായല്ലോ.

4. നിർഭാഗ്യവശാൽ അസംഖ്യം ആളുകൾ ക്രിസ്തുവിന്റെ ഉപദേശത്തിൽ അത്ര പ്രാധാന്യം കൊടുക്കുന്നതായി കാണുന്നില്ല. "അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും. വിവിധവും അന്യവുമായ ഉപദേശങ്ങളാണ് അധികം പേരും സ്വീകരിച്ചിരിക്കുന്നതു. മനുഷ്യരുടെ ഉപദേശങ്ങളും കൽപനകളും അവർ പഠിപ്പിക്കുന്നതുകൊണ്ട് അവരുടെ ആരാധന വ്യർത്ഥമാണ് (മത്തായി 15:9).

ക്രിസ്തുവിന്റെ ഉപദേശത്തിനു പ്രാധാന്യം കൊടുക്കുന്നവരാണെങ്കിൽ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങി

പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും (എഫെസ്യർ 4:14). നമുക്കു മനുഷ്യരുടെ ഉപദേശങ്ങളെയല്ല; കർത്താവിന്റെ ഉപദേശത്തെ തന്നെ നാം സ്നേഹിക്കണം.

✶

# കർത്താവിന്റെ അത്താഴം

## ഗ്യാരി. സി. ഹാമ്ടൺ

**കർത്താവിന്റെ അത്താഴത്തെക്കുറിച്ച് വ്യത്യസ്ത കാഴ്ച്ചപ്പാടുകൾ നിലവിലുണ്ട്.**

ചിലർ ദ്രവാന്തരീക്ഷത്തിൽ വിശ്വസിക്കുന്നുണ്ട്. കർത്താവിന്റെ അത്താഴം കഴിക്കുമ്പോൾ അപ്പവും വീഞ്ഞും വാസ്തവത്തിൽ ശരീരവും രക്തവും ആയി മാറും എന്നതാണ് അവരുടെ വിശ്വാസം കത്തോലിക്കരുടെ വിശ്വാസം അനുസരിച്ച്, പുരോഹിതർ അപ്പവും വീഞ്ഞും എടുത്ത് ക്രിസ്തുവിന്റെ വാക്കുകളായ "ഇതെന്റെ ശരീരവും....ഇതെന്റെ രക്തവും ആകുന്നു എന്നു പറയുമ്പോൾ ക്രിസ്തുവിന്റെ ശക്തിയാൽ സാധാരണ അപ്പവും വീഞ്ഞും ശരീരവും രക്തവും ആയിമാറും എന്നാണ് സിദ്ധാന്തം. ഇതു ദൈവത്തിന്റെ അരുളപ്പാടു പ്രകാരമുള്ള ഒന്നല്ല. ബൈബിളിൽ അങ്ങനെ പരിണാമം സംഭവിക്കുമെന്നു പ്രസ്താവിച്ചിട്ടില്ല.

വേറൊരു കൂട്ടം ആളുകൾ കർത്തൃമേശ എടുക്കാത്തവരാണ്. കർത്താവ് ചെയ്തതുപോലെ അപ്പത്തിൻ നിന്നു ഭക്ഷിച്ചാലും ഇല്ലെങ്കിലും ആ കൂദാശയിൽ പങ്കെടുക്കുന്നവർ പിതാവിന്റെ മഹത്വത്തിനായിട്ട് ക്രിസ്തുവിന്റെ ശരീരത്തെയും രക്തത്തെയും ഓർമ്മിച്ചാൽ മതി എന്നാണ്. അനേകർക്കു വേണ്ടി നുറുക്കപ്പെടുന്ന ശരീരത്തെയും അനേകരുടെ പാപമോചനത്തിനായി ചിന്തപ്പെടുന്ന രക്തത്തെയും സ്മരിക്കണം എന്നേയുള്ളു. ഇതാണ് ഇവരുടെ വിശ്വാസ പ്രമാണം. ഇതു വേദപുസ്തകാനുസരണമല്ല.

മറ്റൊരു വിഭാഗം ആളുകൾ പറയുന്നത്: കർത്തൃമേശ എടുക്കുന്ന ദിവസമോ സമയമോ ഒന്നും പ്രധാനപ്പെട്ട കാര്യമല്ല എപ്പോൾ

വേണമെങ്കിലും എടുക്കാം എന്നതാണ് അവരുടെ നിഗമനം. കർത്തൃമേശ എപ്പോൾ എടുക്കണമെന്നോ, എങ്ങനെ എടുക്കണമെന്നോ കർത്താവു പറഞ്ഞിട്ടില്ല എന്നതാണ് അവരുടെ കണ്ടെത്തൽ. കർത്താവു സ്ഥാപിച്ചു കൊടുത്തത് വ്യാഴാഴ്ച്ചയും പുതിയ നിയമ ക്രിസ്ത്യാനികൾ ആചരിച്ചതു ആഴ്ച്ചവട്ടത്തിലെ ഒന്നാം നാളിലുമാണ്. അതുകൊണ്ട് ഏതു ദിവസമായാലും കുഴപ്പമില്ല എന്നാണ് ബാപ്റ്റിസ്റ്റുകാരുടെ വിശ്വാസം. എന്നാൽ ഈ വിലയിരുത്തലും ബൈബിൾ ഉപദേശത്തിനു വിരുദ്ധമാണ് എന്ന് എല്ലാവരും മനസിലാക്കണം..

## കർത്തൃമേശ ഓർമ്മക്കായുള്ള ശുശ്രൂഷയാണ്

ലോകത്തിലുള്ള മനുഷ്യരെ ഓർമ്മിക്കേണ്ടതിനു സ്മാരകങ്ങൾ, ബിംബങ്ങൾ, കല്ലറക്കല്ലുകൾ എന്നിവ ഉണ്ടാക്കിവെക്കാറുണ്ട്. അവരോടുള്ള ആദരവ് സൂചിപ്പിക്കാൻ കൂടെയാണിതു ചെയ്യുന്നത്. യേശുക്രിസ്തു എങ്ങനെയോയാണ് ഇത് സ്ഥാപിച്ചത് എന്നു മനസിലാക്കുക. പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു: ഇതു നിങ്ങൾക്കു വേണ്ടി നല്കുന്ന എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു: ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു (ലൂക്കൊസ് 22:19-20). ഇതു കർത്താവിൽ നിന്നു പ്രാപിച്ചതാണെന്നും നിങ്ങൾക്കു ഏല്പിച്ചു തരുന്നതാണ് എന്നും അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിട്ടുണ്ട്. അപ്പം ഭക്ഷിക്കുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെ അവന്റെ ഓർമ്മക്കായി ചെയ്യാൻ പറഞ്ഞിരിക്കുന്നു. ക്രിസ്ത്യാനികളായിത്തീർന്നവരുടെ ഒഴിച്ചുകൂടാനാവാത്ത കടമയാണ്. കർത്തൃമേശ ആചരിക്കൽ. പുതിയ നിയമം അനുസരിച്ചു ജീവിക്കുന്നവർ അത് ഒരിക്കലും ഉപേക്ഷയായി വിചാരിക്കരുത്.

✶

# മൂപ്പന്മാരെ കൂടാതെയുള്ള സഭ

ഗ്ലെൻ കോളെ

അപ്പോസ്തലനായ പൗലൊസ് തിത്തൊസിനു

ലേഖനമെഴുതുമ്പോൾ കൊടുത്ത നിർദ്ദേശങ്ങൾ ശ്രദ്ധേയമാണ്. “ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചു പോന്നതു ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിന്നും ഞാൻ നിന്നോടു ആജ്ഞാപിച്ചതുപോലെ പട്ടണം തോറും മൂപ്പന്മാരെ ആക്കി വെക്കേണ്ടതിനും തന്നേ” (തിത്തൊസ് 1:5).

ഈ വാക്യത്തിൽ നിന്നും താഴെ കൊടുത്തിട്ടുള്ള കാര്യങ്ങൾ നിരീക്ഷിക്കാവുന്നതാണ്.

1. ഈ നിർദ്ദേശം അപ്പൊസ്തലനായിരുന്ന ഒരു വ്യക്തിയാണ് തിത്തൊസിനു നല്കുന്നത്: അതു വെറും ഉദാസീനതയോടെ കരുതേണ്ടതിനു കൊടുത്തതല്ല. പിന്നെയോ ഗൗരവമായി ചെയ്തു തീർക്കേണ്ടതിനുള്ള ഒരു കല്പനയായിരുന്നു അത്. സഭകളിൽ മൂപ്പന്മാരെ നിയമിക്കണമായിരുന്നു. ഓരോ പ്രാദേശിക സഭയിലും മൂപ്പന്മാർ ഉണ്ടാകണം എന്നതാണ് ദൈവേഷ്ടം എന്നു മറ്റൊരു ഭാഗത്തു നാം വായിക്കുന്നുണ്ട്. അവർ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിക്കയും ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ടു തങ്ങൾ വിശ്വസിച്ച കർത്താവിൽ അവരെ ഭാരമേൽപിക്കയും ചെയ്തു (പ്രവൃത്തി 14:23).

മുകളിൽ പ്രസ്താവിച്ചതനുസരിച്ചു മൂപ്പന്മാർ ഉണ്ടാകുന്നതിനു മുൻപു സഭകൾ ഉണ്ടായിരുന്നു എന്നു വ്യക്തം. മൂപ്പന്മാരെ കൂടാതെ കർത്താവിന്റെ സഭകൾ പ്രവർത്തിച്ചിരുന്നു. അതുകൊണ്ട് ഇന്നും അങ്ങനെ പ്രവർത്തിക്കുന്നതിൽ തെറ്റില്ല. അവർ ആഴ്ച്ചതോറും കൂടിവരികയും ദൈവത്തെ ആരാധിക്കയും സുവിശേഷ പ്രവർത്തനം നടത്തുകയും ചെയ്യും. ക്രിസ്തുവിന്റെ സഭയ്ക്കു അത്തരം മാതൃക വചനത്തിൽ നാം കാണുന്നുണ്ട്.

3. ക്രേത്തയിലുണ്ടാകുന്ന സഭയിൽ ആവശ്യത്തിനു വേണ്ട കാര്യങ്ങൾ കുറവുള്ളതായി കാണപ്പെട്ടിരുന്നു. അതു മൂപ്പന്മാരില്ലാത്ത കുറവായിരുന്നു. ദൈവം സഭയെ നോക്കുമ്പോൾ അതിൽ അദ്ധ്യക്ഷന്മാർ ഇല്ലെങ്കിൽ ആ സഭ അതിനായി ദാഹിക്കുന്നതു പോലെ കാംക്ഷിക്കുന്നു. മൂപ്പന്മാരില്ലാതെയിരിക്കാൻ ആഗ്രഹിക്കുന്നു എന്ന കാരണത്താൽ സഭയിൽ അവരെ നിയമിക്കാതിരിക്കുന്നതു ശരിയല്ല. അവർ ഓരോരുത്തരും മൂപ്പന്മാർ ഉണ്ടാകുന്നതിനും നിയമിക്കപ്പെടുന്നതിനും വേണ്ടി

ആഗ്രഹിക്കുകയും ഉത്സാഹിക്കുകയും വേണം.

മൂപ്പന്മാരില്ലാതെ തന്നെ സഭ നിലനില്ക്കുന്നു എന്നതു അസാധാരണമായ ഒന്നല്ല. അതിനു പല കാരണങ്ങൾ ഉണ്ടാകാം. ഏറ്റവും വ്യക്തവും സ്വീകാര്യവുമായ കാരണം എന്തെന്നാൽ ആ സഭയിൽ നിശ്ചിത യോഗ്യതയുള്ള പുരുഷന്മാർ ഇല്ല എന്നതാണ്. ഈ സാഹചര്യത്തിൽ അവിടെ മൂപ്പന്മാരില്ലാത്തതിനാൽ അവരെ കുറ്റപ്പെടുത്താനാവില്ല. തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾ ഇല്ലാത്തവരെ മൂപ്പന്മാരായി നിയമിച്ചാൽ ആ സഭ ചെയ്യുന്നതു പാപമാണ് (1 തിമൊഥെയൊസ് 3:1-7; തീത്തൊസ് 1:6-9). അയോഗ്യതയുള്ളവരെ മൂപ്പന്മാരായി നിയമിക്കാൻ അവർക്കു അവകാശമില്ല. യോഗ്യതയുള്ളവർ ചെയ്യേണ്ട ജോലി അയോഗ്യരെ ഏല്പിച്ചാൽ അവർക്കതു കാര്യക്ഷമമായി ചെയ്യാൻ സാദ്ധ്യമല്ല. എത്രയോ സഭകളിൽ പുതിയ ശിഷ്യന്മാരെയും ഉപദേശിപ്പാൻ സാമർത്ഥ്യമില്ലാത്തവരേയും അതിഥി പ്രിയരല്ലാത്തവരേയും അദ്ധ്യക്ഷന്മാരായി നിയമിച്ചു കഷ്ടപ്പെടുകയാണ്. നാമധേയ വിഭാഗങ്ങളിൽ അവർക്കു ബൈബിൾ മാനദണ്ഡമേയില്ല എന്നതാണ് പരിതാപകരം.

ഈ വസ്തുതയെക്കുറിച്ചു ആഹ്വാനം ചെയ്യേണ്ടതായ ഒരു പരിശീലനം എടുക്കുവാൻ തുനിയണം. നിശ്ചയിക്കപ്പെട്ട യോഗ്യതയുള്ള പുരുഷന്മാർ സഭയിൽ ഉണ്ടെങ്കിൽ അവർ തീരുമാനങ്ങൾ എടുക്കുകയും സഭയുടെ കാര്യങ്ങൾ വചനാനുസരണം നടത്തുകയും ചെയ്യും. എന്നാൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾ ഉള്ള പുരുഷന്മാർ ഇല്ലാത്ത സഭയാണെങ്കിലോ? അവർക്കും പലകാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. പ്രശ്നങ്ങൾ കാരണംാേ ഇതെല്ലാം മൂപ്പന്മാർ ഇല്ലെങ്കിൽ എങ്ങനെ നിറവേറ്റും? അതും ദൈവത്തെ പ്രസാദിപ്പിച്ചു കൊണ്ടു തന്നെ ചെയ്യുകയും വേണം. അവർക്കു ഒരു സമയം നിശ്ചയിച്ചു പുരുഷന്മാർക്കെല്ലാവർക്കും ഒത്തു ചേർന്നു സഭാപ്രവർത്തനങ്ങളെ വിശദമായി ചർച്ച ചെയ്തു വചനത്തിനു വിരുദ്ധമല്ലാത്ത രീതിയിൽ തീരുമാനങ്ങൾ എടുക്കാം. പക്ഷെ അന്തിമമായ അധികാരം ബൈബിളിനായിരിക്കണം എന്നു മാത്രം. ഏക മനസ്സിലും ഏകാഭിപ്രായത്തിലും അവർക്കു യോജിച്ചു പ്രവർത്തിക്കാൻ കഴിയും. മൂപ്പന്മാർ ഉണ്ടാകുന്നതുവരെ ഈ വ്യവസ്ഥ അവർക്കു

തുടരാവുന്നതാണ്. ദൈവ വചനത്തെ മറികടക്കാതെ വേണം ഇതെല്ലാം ചെയ്യുവാൻ എന്നതാണ് പ്രധാനം. ചില സ്ഥലങ്ങളിലെ സഭകളിൽ നല്ല സഹോദരങ്ങളായി അറിയപ്പെടുന്നവർ മൂപ്പന്മാരില്ലാതിരിക്കെ വ്യത്യസ്തമായ നിലപാടുകൾ എടുക്കാറുണ്ട്. അതു രസകരവും ഗൗരവുമായ ചോദ്യങ്ങളെ നേരിടേണ്ടി വരുന്നു. ചില സഭകളിൽ നേതൃത്വ കമ്മറ്റി അഥവാ ഫിനാൻസ് കമ്മറ്റി എന്നീ പേരുകളിൽ ആളുകളെ തിരഞ്ഞെടുത്ത് നിയമിക്കാറുണ്ട്. ഇതു സഭയുടെ ചുമതല മൂപ്പന്മാർക്ക് പകരം ഇവരെ ഏല്പിക്കുന്നതിനാണ്.

✶

# യഥാർത്ഥ മാനസാന്തരം

## ബ്രയൻ കെനിയോൻ

ക്രിസ്തീയ ജീവിതം അതനുസരിക്കാൻ ഭാരമേറിയതെന്നു പറഞ്ഞു കേൾക്കാവുന്ന ഒരു കല്പനയാണ് മാനസാന്തരം എന്നത്. വളരെയധികം പ്രസംഗിക്കപ്പെടുന്ന വിഷയവും മാനസാന്തരം എന്നതാണ്. ഒരാളുടെ മനസിനെയും ജീവിതത്തെയും മാറ്റം വരുത്തുക അത്ര എളുപ്പമല്ല. വാസ്തവത്തിലുള്ള മാനസാന്തരം എന്താണെന്നു ഉദാഹരണ സഹിതം മനസ്സിലാക്കി തരുന്ന ധാരാളം വേദഭാഗങ്ങൾ ഉണ്ട്. എന്നാൽ ഈ ലേഖനത്തിൽ നമുക്കു കൊരിന്ത്യ ലേഖനത്തെ അടിസ്ഥാനമാക്കി ചിന്തിക്കാം. കൊരിന്ത്യർക്കു ആദ്യത്തെ ലേഖനം എഴുതിയപ്പോൾ അവിടെ ധാരാളം പ്രശ്നങ്ങൾ ഉണ്ടായിരുന്നതായി പറയുന്നു. അവയെ എങ്ങനെ പരിഹരിക്കണം എന്നും നിർദ്ദേശിക്കുകയുണ്ടായി. ഏതാണ്ട് 6 മാസങ്ങൾക്കുശേഷം രണ്ടാമത്തെ ലേഖനം എഴുതുമ്പോൾ പൗലൊസ് ഉപയോഗിക്കുന്ന വാചക ഘടനയിൽ മാറ്റം സംഭവിക്കുന്നുണ്ട്. സന്തോഷത്തോടു കൂടി പൗലൊസ് എഴുതുവാൻ ഇടയാക്കിയ കാരണം അവർ മാനസ്സാന്തരപ്പെട്ടു എന്നതാണ്. വാസ്തവത്തിലുള്ള മാനസാന്തരം ആവശ്യപ്പെടുന്നതെന്തെന്ന് കൊരിന്ത്യ ലേഖനത്തിൽ നിന്നു നമുക്ക് പഠിക്കാം.

ഒന്ന്, ശരിയായ മാനസാന്തരത്തിനു പാപത്തിന്റെ സ്വഭാവവും അനന്തരഫലവും തിരിച്ചറിയേണ്ടത് ആവശ്യമാണ്. “ഞാൻ ലേഖനത്താൽ നിങ്ങളെ ദുഃഖിപ്പിച്ചു എങ്കിലും ഞാൻ അനുതപിക്കുന്നില്ല;

ആ ലേഖനം നിങ്ങളെ കുറെ നേരത്തേക്കെങ്കിലും ദുഃഖിപ്പിച്ചു എന്നു കാണുന്നതുകൊണ്ടു മുമ്പെ അനുതപിച്ചു എങ്കിലും ഇപ്പോൾ ഞാൻ സന്തോഷിക്കുന്നു; നിങ്ങൾ ദുഃഖിച്ചതിനാലല്ല, മാനസാന്തരത്തിനായി ദുഃഖിച്ചതിനാൽ തന്നെ. നിങ്ങൾക്കു അങ്ങനെ ഒന്നിലും ചേതം വരാതെ വണ്ണം ദൈവഹിത പ്രകാരമല്ലൊ നിങ്ങൾ ദുഃഖിച്ചത്" (2 കൊരിന്ത്യർ 7:8-9). പൗലൊസ് തന്റെ ഒന്നാം ലേഖനത്തിൽ കൊരിന്ത്യരുടെ പാപത്തിന്റെ സ്വഭാവത്തെയും അതിന്റെ ഫലമായി ഉണ്ടാകാനിടയുള്ള ശിക്ഷയും അവരെ ഓർമിപ്പിച്ചു. അവരുടെ പാപത്തെ സംബന്ധിച്ച് വിവരിക്കുന്നതു 1 കൊരിന്ത്യർ 5:11-13 വരെയുള്ള ഭാഗത്താണ്. ഈ എതിർപ്പു മൂലം കൊരിന്ത്യർ ദുഃഖിക്കയും മാനസ്സാന്തരപ്പെടുകയും ചെയ്തു. പൗലൊസ് തന്റെ ലേഖനത്തിൽ എന്ത് ഉദ്ദേശിച്ചുവോ ആ ഫലം കിട്ടിയതുകൊണ്ടു അവനു ദുഃഖമുണ്ടായില്ല. പൗലൊസ് അവരുടെ കുറ്റങ്ങളും ഫലങ്ങളും എഴുതി അറിയിച്ചില്ലായിരുന്നെങ്കിൽ അവർ ദുഃഖിക്കുകയോ മാനസാന്തരപ്പെടുകയോ ചെയ്യുമായിരുന്നില്ല.

നാം വാസ്തവത്തിൽ മാനസ്സാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ പാപത്തയും അതിന്റെ സ്വഭാവത്തയും ദൂഷ്യഫലങ്ങളേയും തിരിച്ചറിയണം. പാപത്തിന്റെ ഫലം ആത്മിയവും വരുന്നതു ദൈവത്തിൽ നിന്നുമാണ് (യെശയ്യാവ് 59:1-2; യെഹസ്ക്കേൽ 18:20; റോമർ 6:23). ആകയാൽ മാനസ്സാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നു പറഞ്ഞിട്ടുള്ളതിൽ അത്ഭുതപ്പെടാനേ ഇല്ല (ലൂക്കൊസ് 13:3).

രണ്ട്, യഥാർത്ഥ മാനസാന്തരത്തിനു ദൈവഹിതപ്രകാരമായ ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷക്കായി ഉളവാക്കുന്നു (2 കൊരിന്ത്യർ 7:10). ലോക പ്രകാരമുള്ള ദുഃഖം ഒരിക്കലും മാനസ്സാന്തരമല്ല പുറപ്പെടുവിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടം ബോധ്യമായതുകൊണ്ടുള്ള ദുഃഖമാണ് ആത്മിയമായി പ്രയോജനപ്പെടുത്തുന്നത്. "ദോഷം അകറ്റി നടക്കുന്നതു നേരുള്ളവരുടെ പെരുവഴി. തന്റെ വഴി സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കാത്തുകൊള്ളുന്നു" (സദൃശവാക്യങ്ങൾ 6:7). ദൈവം പാപത്തെ കാത്തുകൊള്ളുന്നു (സദൃശവാക്യങ്ങൾ 6:17-19). അതുകൊണ്ടു നാമും പാപത്തെ വെറുക്കണം (സങ്കീർത്തനം 119:104). പാപം നമ്മുടെ ഹൃദയത്തിൽ കട

ന്നാൽ ക്ഷമാപണം കൂടിയേ തീരു. അല്ലെങ്കിൽ നാം ദൈവ കോപ ത്തിനിരയാകും (മത്തായി 5:3-4). ദൈവത്തിന്റെ ഇച്ഛ എന്തെന്ന റിഞ്ഞു ദുഃഖിക്കുന്നവർക്കു പ്രതിഫലമുണ്ട്. അതു അവരുടെ രക്ഷ യിലേക്ക് നയിക്കുന്നു. വെറും ദുഃഖവും മാനസാന്തരവും തമ്മിൽ വ്യത്യാസമുണ്ട്. മാനസ്സാന്തരപ്പെടാതെ തന്നെ ഒരാൾക്കു അനുത പിക്കാൻ കഴിയും. സ്വന്തം ഇഷ്ടത്തെ മാറ്റി നിർത്തി ചെയ്തുപോയ തെറ്റുകൾ മേലിൽ ഉണ്ടാകാത്ത വിധം തീരുമാനിക്കയും ജീവിത ത്തിൽ ഒരു നവോത്ഥാനം ഉണ്ടാകുകയും ചെയ്യണം (ലൂക്കൊസ് 15:17,20). പിടിക്കപ്പെടുമ്പോൾ ദുഃഖിക്കയും ക്ഷമായാചനം നടത്തു കയും ചെയ്യുന്നവരുമുണ്ട്. പക്ഷെ അതൊന്നും ശരിയായ മാനസ്സാന്തരമാകുന്നില്ല.

മൂന്ന്, യഥാർത്ഥ മാനസാന്തരത്തിനു ജീവിതത്തിൽ ഒരു നവോ ത്ഥാനം ആവശ്യമാണ്. "ദൈവഹിത പ്രകാരം നിങ്ങൾക്കുണ്ടായ ഈ ദുഃഖം എത്ര ഉത്സാഹം, എത്ര പ്രതിവാദം, എത്ര നീരസം, എത്ര ഭയം, എത്ര വാഞ്ഛ, എത്ര എരിവ്, എത്ര പ്രതികാരം നിങ്ങ ളിൽ ജനിപ്പിച്ചു; ഈ കാര്യത്തിൽ നിങ്ങൾ നിർമ്മലന്മാർ എന്നു എല്ലാ വിധത്തിലും കാണിച്ചിരിക്കുന്നു" (2 കൊരിന്ത്യർ 7:11). കൊരിന്ത്യർക്കു മാറ്റം സംഭവിച്ചു അവരുടെ ശ്രദ്ധ ഇപ്പോൾ ഉത്സാഹത്തിലായി മാറി. ഒരിക്കൽ അവർ പാപത്തെ അനുവദിച്ചിരുന്നെങ്കിൽ, പൗലൊസ് അവരെ പ്രബോധിപ്പിച്ചതുകൊണ്ട് അവർ തങ്ങളെ ശുദ്ധീകരിക്കാൻ ദൈവത്തിനു ഏല്പിച്ചു കൊടുത്തു.

നിങ്ങൾ വാസ്തവത്തിൽ മാനസാന്തരപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ മനസു പുതുക്കി രൂപാന്തരപ്പെടുക. മാനസാന്തരപ്പെട്ടി ല്ലെങ്കിൽ നാശമാണ് ഫലം എന്ന കാര്യം മറക്കരുത്.

✶

# ക്രിസ്തുവിന്റെ സഭ എന്നാൽ എന്ത്?

## ജി.എഫ്. റെയിൻസ്

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ ശേഷമുള്ള പെന്തെകൊസ്തു നാളിൽ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ യെരുശലേം പട്ടണത്തിൽ ക്രിസ്തുവിന്റെ സഭ സ്ഥാപിതമായതായി നാം അപ്പൊസ്തലപ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ

വായിക്കുന്നുണ്ട്. തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപ് കർത്താവ് ശിഷ്യന്മാർക്കു നല്കിയ മഹത്തായ ആജ്ഞ അനുസരിച്ച് പത്രൊസ്, ആ ദിവസം യേശുവിന്റെ നാമത്തിൽ ഉള്ള പാപമോചനം പ്രസംഗിച്ചു (മത്തായി 28:18-20; മർക്കൊസ് 16:15-16; ലൂക്കൊസ് 24:46-47). ഇതു ദൈവത്തിന്റെ മുൻനിർണ്ണയിച്ച പദ്ധതിയായിരുന്നു.

സുവിശേഷത്തിൽ വിശ്വാസം അർപ്പിക്കുന്നവർ തങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട് പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റ് അനുസരണം പൂർത്തിയാക്കി കഴിയുമ്പോൾ അവരെ കർത്താവ് രക്ഷിച്ച് തന്റെ സഭയിലേക്കു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തി 2:36-47). ആ ദിവസം സുവിശേഷം വിശ്വസിച്ച് അനുസരിക്കയും ചെയ്താൽ അവരെ കർത്താവ് രക്ഷിച്ച് തന്റെ സഭയിലേക്കു ചേർത്തതുപോലെ നിങ്ങളെയും രക്ഷിച്ചു അവന്റെ സഭയിലേക്കു ചേർക്കും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല (മത്തായി 16:18). കാരണം ദൈവം മുഖപക്ഷം നോക്കാതെ, തന്നെ അനുസരിക്കുന്ന, നീതി പ്രവർത്തിക്കുന്ന, ഭയപ്പെടുന്ന ഏവരെയും അവൻ അംഗീകരിക്കുന്നു (പ്രവൃത്തികൾ 10:34-35).

പെന്തെക്കൊസ്തുനാളിൽ മൂവായിരം യെഹൂദന്മാർ എന്തു ചെയ്തു സഭയിലേക്കു ചേർക്കപ്പെട്ടുവോ അതുചെയ്തു സഭയിലേക്കു ചേർക്കപ്പെട്ട ഒരു കൂട്ടം ആളുകളാണ് ക്രിസ്തുവിന്റെ സഭയിൽ ഉള്ളതു. അതു ക്രിസ്തുവിന്റെ ശരീരമാണ് (എഫെസ്യർ 1:20-23; കൊലൊസ്യർ 1:18). ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെ ഓരോ ഇടവകകളായി സംഘടിപ്പിച്ചിരിക്കുന്നു. അവരെ എല്ലാം ചേർത്തു ക്രിസ്തുവിന്റെ സഭകൾ എന്നു വിളിച്ചിരിക്കുന്നു (റോമർ 16:16). പുതിയ നിയമകാലത്തിലെ പ്രാരംഭസമയത്ത് ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ആരാധിച്ചിരുന്നതുപോലെ ഞങ്ങൾ ആരാധിക്കുന്നു (യോഹന്നാൻ 4:24). ഒന്നാം നൂറ്റാണ്ടിലെ സഭ ഏതെല്ലാം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നുവോ അതേ പ്രവർത്തനങ്ങളിൽ ഞങ്ങൾ വ്യാപൃതരായിരിക്കുന്നു (പ്രവൃത്തികൾ 6:1-6; എഫെസ്യർ 4:14-16; 1 തിമൊഥെയൊസ് 3:15). അതുകൊണ്ട് ക്രിസ്തുവിന്റെ സഭ ഇന്ന് ഒരു നാമധേയ മതസംഘടനയല്ല. നാം ബൈബിളിൽ പുതിയ

നിയമത്തിൽ വായിക്കുന്ന സഭയുടെ പ്രത്യുൽപാദനം മാത്രമാണ്.

തെറ്റായ പ്രമാണം, തെറ്റായ ഉപദേശം, തെറ്റായ ആരാധന, തെറ്റായ സംഘടന, തെറ്റായ പേർ ശരിയായ സഭയായി അറിയപ്പെടുകയില്ല. എന്നാൽ ശരിയായ പ്രമാണം. നേരായ ഉപദേശം, നേരായ ആരാധന, നേരായ സംഘടിപ്പിക്കൽ, നേരായ നാമം എന്നിവ അതേ കാരണത്താൽ തെറ്റായ സഭയായി അറിയപ്പെടുന്നില്ല.

യേശുക്രിസ്തു പണിതതായ സഭയെക്കുറിച്ച് ബൈബിളിൽ പറഞ്ഞിരിക്കുന്നതു, നിങ്ങളുടെ പ്രദേശത്തുള്ള ക്രിസ്തുവിന്റെ സഭയിൽ ചെന്നു പരിശോധിച്ച് മനസ്സിലാക്കുവാൻ ഞങ്ങൾ ആദരവോടുകൂടെ നിങ്ങളോടു അപേക്ഷിക്കുകയാണ് ചെയ്യുന്നതു. സത്യം അറിയുവാൻ ദൈവം തന്നിരിക്കുന്ന അവസരം നാം ശരിയായി ഉപയോഗിക്കുക. വിശ്വാസം ഏറ്റു പറച്ചിൽ, മാനുഷ്യ പ്രമാണം എന്നിവ ക്രിസ്തുവിന്റെ സഭ നിരാകരിച്ചിരിക്കുന്നു.

കാരണങ്ങൾ സ്പഷ്ടമാണ്. അവ, യേശുക്രിസ്തുവിന്റെ സുവിശേഷത്തിനു അപ്പുറമായി കൂട്ടായ്മയുടെ പരിശോധനയിൽ വിശ്വാസികളെ ഭിന്നിപ്പിക്കുന്നു. അവ അനാവശ്യമാണ്. സകല സൽപ്രവൃത്തിയിലും വക പ്രാപിച്ച് തികഞ്ഞവരാകുവാൻ പര്യാപ്തമായ വിശുദ്ധ വചനമാണ് ദൈവം തന്നിരിക്കുന്നതു (2 തിമൊഥെയൊസ് 3:16-17). േമുൻപറഞ്ഞവയെല്ലാം ദൈവശ്വാസീയമല്ലാത്ത ഉല്പന്നങ്ങളുടെ ഊഹാപോഹങ്ങൾ മാത്രമാണ്.

മനുഷ്യനിർമ്മിതമായ പ്രമാണങ്ങളും നിയമാവലികളും വിശ്വാസപ്രമാണം ഏറ്റുപറച്ചിലും പാപങ്ങൾ ഏറ്റുപറച്ചിലും മറ്റും മനുഷ്യരെ ബന്ധിപ്പിക്കുന്ന മാനുഷിക അഭിപ്രായങ്ങളാണ്. ദൈവവചനവുമായി അവയ്ക്കൊന്നും യാതൊരു ബന്ധവുമില്ല.

ഇന്നു വിശ്വാസത്തിനും പരിശീലനത്തിനും നിയമമായി നാമെല്ലാം പിൻപറ്റേണ്ടതു സുവിശേഷമാണ്. താഴെ പറയുന്ന കാരണങ്ങൾ അതിനു ഉപോൽബലകമാണ്.

ക്രിസ്തുവിനാണ് സകല അധികാരവും (മത്തായി 28:18). ക്രിസ്തു എന്ന ഏക നിയമകർത്താവ് ആണ് ഉള്ളതു (യാക്കൊബ് 4:12). ക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ദൈവജ്ഞാനത്തിൽ നമ്മുടെ വിശ്വാസം സ്ഥാപിക്കുന്നു (1 കൊരിന്ത്യർ 2:1-5). ക്രിസ്തുവാണ്

സഭയുടെ തല (എഫെസ്യർ 1:20-23; കൊലൊസ്യർ 1:18). ക്രിസ്തുവിൽ നാം പൂർണ്ണരാകുന്നു (കൊലൊസ്യർ 2:10). നാം എന്തു ചെയ്താലും അതു ക്രിസ്തുവിന്റെ നാമത്തിൽ ചെയ്യണം (കൊലൊസ്യർ 3:17). ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അതിർ കടന്നുപോകുന്നതു പാപമാകുന്നു (2 യോഹന്നാൻ 9). മനുഷ്യന്റെ വഴിയല്ല ദൈവത്തിന്റെ വഴി (സദൃശവാക്യങ്ങൾ 14:12). സകലതും പരിശോധിക്കുക; സത്യം മാത്രം സ്വീകരിക്കുക (പ്രവൃത്തി 17:11).

★

# ഏറ്റവും ആവശ്യമുള്ള ആറു കാര്യങ്ങൾ

### ജാക്ക് ഗ്രെ

സഹോദരവർഗ്ഗത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ആവശ്യങ്ങൾ എന്തെല്ലാമാണ് എന്നാണ് അദ്ദേഹം കരുതുന്നതു എന്ന് അനേക വർഷങ്ങൾക്കു മുൻപ് ഗസ് നിക്കോളസിനോടു ഒരാൾ ചോദിക്കയുണ്ടായി പരമപ്രധാനമായ ആവശ്യങ്ങളെയാണ് അറിയുവാൻ ആഗ്രഹം പ്രകടിപ്പിച്ചതു.

**1. അംഗങ്ങളുടെ പരിവർത്തനം:-** സ്നാനത്തേക്കാൾ കൂടുതൽ പലതും ഉൾപ്പെടുന്ന ഒന്നാണ് വീണ്ടും ജനനം. നമ്മിൽ പലരും വെള്ളത്താലും ആത്മാവിനാലും ജനിച്ചവരാണ്. അതു കൂടാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല. ഇങ്ങനെ സ്നാനമേറ്റവർ, യേശു ദൈവപുത്രനാണെന്നും നമ്മുടെ ജീവിതത്തിന്റെ കർത്താവാണെന്നും വിശ്വസിച്ചവരാണ്. ക്രിസ്ത്യാനിത്വത്തെ ഒരു സാധാരണ സമീപനമായി കാണുന്ന അനേകം ക്രിസ്ത്യാനികൾ ഉണ്ട്. പരിവർത്തനം വാസ്തവത്തിൽ ഒരാളുടെ ജീവിതവും തീരുമാനവും യേശുവിനു കീഴ്പ്പെടുത്തുക എന്നതാണ്. നമ്മുടെ ജീവിതത്തിൽ എല്ലായ്പ്പോഴും അവൻ നമ്മുടെ കർത്താവ് എന്ന കാര്യം നാം മറക്കരുത്.

**2. തുടർച്ചയായ സാന്നിധ്യം:-** ഒരു ക്രിസ്ത്യാനിയാവുക എന്നാൽ സന്നിഹിതനാവുക എന്നതിനേക്കാൾ ഉപരിയാണ്. നിരന്തരമായ ആരാധനയും ബൈബിൾ പഠനവും കൂടാതെ ഒരാൾക്കും താൻ

യഥാർത്ഥ ക്രിസ്ത്യാനി എന്നു പറയാൻ ധൈര്യം ഉണ്ടാകുകയില്ല. ഉപേക്ഷിക്കാവുന്ന കർത്തവ്യമല്ല ഇതു. പരിജ്ഞാനമില്ലാതെ വരുമ്പോൾ വളർച്ചയില്ല. ആരാധനയില്ലാതെ വന്നാൽ ആത്മിയ ജീവൻ ഇല്ലാത്ത സാധാരണ പാപിയായി അധഃപതിക്കുന്നു.

**3. വിശുദ്ധീകരണം:-** ക്രിസ്ത്യാനികളും ലോകത്തുള്ള ആളുകളും തമ്മിൽ വ്യക്തമായ വ്യത്യാസം ഉണ്ടായിരിക്കണം. ഈ നൂറ്റാണ്ടിലെ ക്രിസ്ത്യാനിത്വത്തിന്റെ ഏറ്റവും വലിയ പ്രശ്നം എന്തെന്നാൽ അവർ ലോകത്തിന്റെ ഒഴുക്കിനു അനുസരിച്ച് നീന്തുന്നു എന്നുള്ളതാണ്. ലോകത്തിൽ നിന്നും വേർപെട്ട സ്വഭാവം കാണേണ്ടവരിൽ ലോകത്തുള്ളവരുടെ സ്വഭാവം തന്നെ കണ്ടെത്തിയാൽ വ്യത്യാസം ഒന്നുമില്ലല്ലോ. മനസു പുതുക്കി രൂപാന്തരം വരുത്തേണ്ടവരാണ് ഇങ്ങനെ തരംതാഴ്ന്നു കാണുന്നതു. ഇതു ഗുരുതരമായ വീഴ്ച്ചയാണ്.

**4. ഔദാര്യം:-** യാഗത്തെക്കുറിച്ചും ഉദാരമായി നല്കുന്നതിനെ കുറിച്ചും അധികം അധികാരമായി പഠിക്കുന്നവരാണ് കർത്താവിന്റെ ജനങ്ങൾ. ആധുനിക ചരിത്രത്തിലെ പ്രാരംഭഘട്ടത്തിൽ കർത്താവിന്റെ സഭ കോടിക്കണക്കിനു രൂപ ശേഖരിക്കുകയും അതിനു വലിയ പദ്ധതികളും ആവിഷ്ക്കരിക്കയുണ്ടായി. എന്നാൽ സുദീർഘമായ കാലയളവിലേക്കു സഭാപ്രവർത്തനങ്ങൾ നടത്തേണ്ടവരുടെ ഔദാര്യപൂർവ്വമുള്ള നല്കൽ എല്ലാം ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും ആവശ്യമാണ്. പ്രാപ്തിപോലെ ഓരോരുത്തൻ താന്താനുള്ളതു ചരതിച്ച് വെച്ച് കർത്താവിനു കൊടുക്കുവാൻ മടിക്കരുതു. വ്യക്തിപരമായ ഈ പ്രവൃത്തി ആരും ഉപേക്ഷയായി തള്ളിക്കളയരുത്.

**5. ഐക്യം:-** ധാരാളം ഇടവകകൾ ഇന്നു വിയോജിപ്പിലും ഭിന്നിപ്പിലും അകന്നു കഴിയുകയാണ്. സഭ ഒന്നു തന്നെ വിശ്വസിക്കയും ഒരേ ലക്ഷ്യത്തോടെ പ്രവർത്തിച്ച് ഒരേ പ്രത്യാശക്കായി കാത്തിരിക്കുന്നവരും ആയിരിക്കണം. അഭിപ്രായവ്യത്യാസങ്ങൾ അവസാനിപ്പിച്ചില്ലെങ്കിൽ അനൈക്യമായിരിക്കും ഫലം. പരസ്പരം ആദരിക്കയും സഭയുടെ വളർച്ചക്കുവേണ്ടി വിട്ടുവീഴ്ച്ച അഭിപ്രായങ്ങളിൽ വരുത്തി യോജിപ്പിൽ എത്തണം. അന്യോന്യമുള്ള സ്നേഹമാണ് ഇതിനു വേണ്ടതു.

**6. അറിയപ്പെട്ട നേതൃത്വം:-** ബൈബിൾ എന്തു പറയുന്നു എന്നതിനു സമർപ്പിക്കപ്പെട്ടവരായിരിക്കണം നടത്തിപ്പുകാർ. നായകന്മാർ ജനത്തെ ശരിയായി അറിയുന്നവരായിരിക്കണം. എവിടെ പോകണം, എങ്ങനെ ആളുകളെ നയിക്കണം എന്നിവ അറിയുന്നവരായിരിക്കണം അവർ. ദൈവത്തിനു മുൻഗണന നൽകി സഭയെ സേവിക്കുന്ന സത്യതൽപരരായിരിക്കണം അദ്ധ്യക്ഷന്മാർ പരിജ്ഞാനപൂർത്തി പ്രാപിച്ചവർക്കേ ഇത്തരത്തിലുള്ള കഴിവുകൾ ഉണ്ടായിരിക്കു.

മുൻ വിവരിച്ച കാര്യങ്ങൾ എല്ലാവർക്കും ഉണ്ടാകേണ്ടതാണ്. ഈ ഗുണഗണങ്ങൾ ഓരോരുത്തരും കാത്തുസൂക്ഷിച്ചാൽ ലോകം മുഴുവൻ ക്രിസ്തുവിങ്കലേക്കു ആകർഷിക്കപ്പെടും. അതിനു നിങ്ങളും തയ്യാറാവുമല്ലൊ.

പരിവർത്തനം എല്ലാ അംഗങ്ങളിലും ഉണ്ടായിരിക്കണം എന്നു പറയുമ്പോൾ അതിൽ നിന്നു ആരെയും ഒഴിവാക്കാവുന്നതല്ല. മനസ്സിനും ജീവിതത്തിനും കാതലായ വ്യത്യാസം ഉണ്ടാകണം. അതു ദൈവേഷ്ടപ്രകാരവുമായിരിക്കണം. സഭായോഗം മുടക്കരുതു എന്നു പറയുമ്പോൾ ദൈവത്തോടും സഹസഹോദരങ്ങളോടും ഉള്ള ബന്ധം നിരന്തരമായി കാത്തുകൊള്ളണം എന്നതു വ്യക്തമാണ്. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ സഭ കൂടിവരുന്നതു ദൈവത്തെ ആരാധിക്കുവാൻ കൂടെയാണ്. എല്ലാവർക്കും അതിന്റെ പ്രയോജനം ലഭിക്കണം. അതുകൊണ്ട് അതു ഉപേക്ഷയായി വിചാരിക്കരുത്. ജഡികശുദ്ധിയേക്കാൾ ആത്മികശുദ്ധിക്കു പ്രാധാന്യം കൊടുക്കണം. ദൈവത്തിന്റെ ആത്മാവിനെ ഒരിക്കലും നാം ദുഃഖിപ്പിക്കരുതു. ഹൃദയവിശുദ്ധീകരണം വചനത്താലും യേശുവിന്റെ രക്തത്താലും സാദ്ധ്യമാവുന്ന ഒന്നാണ്. സംശുദ്ധമായ ജീവിതം യേശുവിന്റെ ശിഷ്യന്മാർക്കു പരമപ്രധാനമാണ്.

ധർമ്മശേഖരണം ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ നടത്തുന്നതു ഓരോരുത്തരുടേയും പ്രാപ്തിയും ഹൃദയനിശ്ചയവും വ്യക്തമാക്കുന്നതാണ്. സുവിശേഷപ്രവർത്തനങ്ങളും വിശുദ്ധന്മാരുടെ മുട്ടുതീർക്കലും നടത്തുക എന്ന ഉദ്ദേശമാണ് ഇതിൽ ഉള്ളതു. യോജിപ്പും പരസ്പര ധാരണയും നാം ഓരോരുത്തരും പരിരക്ഷിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അതാണ് ക്രിസ്ത്യാനിത്വത്തിന്റെ മഹത്വം. ശരിയായ നേതൃത്വവും

അവഗണിക്കാനാവാത്ത ഘടകമാണ്. ഈ ലോകജീവിതത്തിൽ നമ്മെ ശ്രേഷ്ഠരാക്കുന്ന ഈ ആറു കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ വളരെ നല്ലതു. ഇല്ലെങ്കിൽ അതു നിങ്ങൾ പ്രാവർത്തികമാക്കുക.

✶

# ക്രൂശിന്റെ വഴി

## ജോണി രാംസേ

**പ്രായശ്ചിത്തം:** "എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്. അവർ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു. നമ്മുടേതിനു മാത്രമല്ല, സർവ്വലോകത്തിന്റെ പാപത്തിനും തന്നെ (1 യോഹന്നാൻ 2:1-2). ബലവാന്റെ വീടുകവർന്നെടുക്കത്തക്ക ശക്തിയാണ് കർത്താവിൽ നാം കാണുന്നതു. സാത്താൻമേൽ വിജയം കണ്ടെത്തിയ രക്ഷകന്റെ ദൈവശക്തിയിൽ നമുക്കു ആശ്രയിക്കാം. ലോകശക്തിയേക്കാൾ അപാരമായ ശക്തിയാണ് അവന്റേതു (മത്തായി 12:29;1 യോഹന്നാൻ 4:4). ഇപ്പോൾ നമുക്കു നമ്മുടെ പിതാവിനോടു സമാധാനം പുലർത്താം. കർത്താവിനോടു കൈകോർത്തു സഞ്ചരിക്കാം (കൊലൊ 1:10). ശൌൽ ഒരിക്കൽ കർത്താവിന്റെ ശത്രുവായി പ്രവർത്തിച്ചിരുന്നു. കർത്താവ് കഴുകികളഞ്ഞു (പ്രവൃത്തി 22:16). അവന്റെ പാപഭാരമാകുന്ന കുറ്റാരോപണവും മത്സരവും പാപവും അതോടെനീങ്ങിപോയി. തർസൊസുകാരനായ ശൌലിനു കർത്താവിന്റെ മഹത്തായ വഗ്ദത്തങ്ങൾ നല്കുന്ന രക്തം ദൈവത്തിന്റെ ഭവനത്തിലേക്കു തിരിച്ചു വരുവാനുള്ള ഒരു പാലമായി തീർന്നു.

**നിങ്ങളെ ഒരു വില കൊടുത്തു വാങ്ങിയതാണ്**

നമ്മുടെ ശ്രദ്ധയെ വെല്ലുവിളിക്കുന്ന ഒരു രത്നത്തെ നാം 1 കൊരിന്ത്യർ 6-ാം അദ്ധ്യായം 19-ഉം 20-ഉം വാക്യങ്ങളിൽ കാണുന്നു. "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു

വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ. എല്ലാവരും നഷ്ടപ്പെട്ട അവസരത്തിൽ സാത്താൻ ഏറ്റവും വലിയ ലൗകികമായ വില മനുഷ്യർക്കായി ഉയർത്തുമ്പോൾ നമ്മുടെ ദൈവം സ്വന്തജീവൻ എന്ന വലിയ വില നമ്മുടെ ആത്മാവിന്റെ രക്ഷക്കായി നല്കി. അങ്ങനെ നമ്മുടെ നിത്യനാശം ഒഴിവായി.

ആത്മാക്കളുടെ എതിരാളിയും നാശയോഗ്യനുമായ സാത്താന്റെ കയ്യിൽ നമ്മൾ നിത്യമായി നഷ്ടപ്പെട്ടുപോകുന്നതു ഒഴിവാക്കുവാൻ നമ്മെ ഉണ്ടാക്കിയ നമ്മുടെ സൃഷ്ടികർത്താവായ ദൈവം നമ്മെ സഹായിച്ചു (1 പത്രൊസ് 5:8). ഒരു നിഷ്ഠൂരന്റെ കയ്യിലെ അടിമത്വത്തിൽ നിന്നു സമാധാനരാജാവിന്റെ കയ്യിലെ സ്വാതന്ത്ര്യത്തിലേക്കാണ് നമ്മെ വീണ്ടെടുത്തതു. ദൈവപുത്രന്റെ സ്വാതന്ത്ര്യം അനുഭവവേദ്യമാക്കിയതു വില മതിക്കാനാവാത്ത യേശുവിന്റെ രക്തമാണ് (ഗലാത്യർ 5:17). ദൈവം നമ്മിൽ നിന്നു ചെയ്യുവാൻ ആഗ്രഹിക്കുന്നവ ചെയ്യുവാൻ നമുക്കു സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. അകൃത്യത്തിന്റെ അടിമത്വത്തിൽ നിന്നു വിടുവിക്കുന്ന രക്ഷകനെ നാം സന്തോഷത്തോടുകൂടി അനുസരിക്കയും സേവിക്കയും ചെയ്യുകയില്ലേ?

**രക്തത്തിന്റെ വില**

ലോകചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായിരുന്നു ക്രൂശിലെ അനർഘനിമിഷങ്ങൾ. കുഞ്ഞാടിന്റെ രക്തത്തിനു വിലയുണ്ട്. യേശുക്രിസ്തുവിന്റെ രക്തത്തിനുള്ള വില, അപ്രമേയമായ ധനമായിട്ടാണ് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സത്യമാണ് നമ്മുടെ രക്ഷക്കു നിദാനമായി മാറിയതു.

രക്തമെന്നതു അത്യാവശ്യഘടകമാണ് (പ്രവൃത്തി 8:32-23). സാത്താന്റെ കുടുക്കിൽ നിന്നു മനുഷ്യരെ വിടുവിക്കുവാൻ ഒരാൾ സ്വയമായി തയ്യാറാവുന്ന മനോഹര ചിത്രമാണ് യെശയ്യാവ് 53-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നതു. അവൻ ഏറ്റതും സഹിച്ചതുമായ അടിപ്പിണരുകൾ നമ്മുടെ ആത്മിയ സൗഖ്യത്തിനായിരുന്നു. നമ്മെ ശുദ്ധീകരിച്ച് വെടിപ്പാക്കുവാൻ അവന്റെ രക്തം അനിവാര്യമായിത്തീർന്നു. നാം പാപം സംബന്ധിച്ചു

മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിൻമേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു. നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു; ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്കു മടങ്ങി വന്നിരിക്കുന്നു (1 പത്രൊസ് 2:24-25).

ക്രിസ്തുവിന്റെ രക്തം മതിയായതാണ്, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസുവെച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മൽസരിക്കുന്നു എങ്കിലോ നിങ്ങൾ വാളിന്നിരയായിത്തീരും; യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു (യെശയ്യാവ് 1:18-20). യേശുവിന്റെ മരണത്തിനു മാത്രമെ മനുഷ്യരുടെ പാപം നീക്കുവാൻ കഴിയുന്നുള്ളു.

ക്രിസ്തുവിന്റെ രക്തം സഹിക്കുന്ന ഒന്നാണ്. വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടം ദൈവദാസനായിരുന്ന മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടു പാടുന്നതു എത്ര സന്തോഷകരമാണ് (വെളിപ്പാട് 15:3). മോശെയുടെ കാലത്തു യിസ്രായേൽ പാടിയ പാട്ട് ഇവിടെ ഓർമിപ്പിക്കുകയാണ്. ചെങ്കടൽ കടത്തി അത്ഭുതകരമായി ദൈവം അവരെ നടത്തികൊണ്ടു പോയതിന്റെ നന്ദി സൂചനയായിട്ടാണ് അവർ അതു ചെയ്തതു. നമ്മുടെ രക്ഷകന്റെ മരണത്താൽ വിജയം വരിച്ച കുഞ്ഞാടിന്റെ രക്തം എത്ര മാത്രം ക്ഷമിക്കയും പൊറുക്കയും ചെയ്യുന്നതാണ് എന്നു തിരുവചനം നമ്മെ ഗ്രഹിപ്പിക്കുന്നു (കൊലൊസ്യർ 1:20; റോമർ 8:35-37).

ക്രിസ്തുവിന്റെ രക്തം സ്വീകര്യമാണ്. സഹോദരൻമാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർമിപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ (റോമർ 12:1). ദൈവത്തിന്റെ നിറഞ്ഞൊഴുകുന്ന കരുണയും മനസ്സലിവും സ്നേഹവും

നിമിത്തമാണ് നമുക്കു വിശ്വാസത്തിന്റെ നല്ല പോർ പൊരുതുവാൻ കഴിയുന്നതു (1 തിമൊഥെയൊസ് 6:12).

★

## രക്ഷ

**മൈക്കിൾ. എൽ**

മനുഷ്യരക്ഷയിൽ എന്താണ് അടങ്ങിയിരിക്കുന്നതു എന്നു മനസിലാക്കാതിരിക്കുന്നതാണ് ആധുനിക മനുഷ്യരുടെ ഗൗരവമേറിയ പ്രശ്നങ്ങളിൽ ഒന്ന്. അവഗണിക്കപ്പെട്ടവയിൽ വെച്ച് ഏറ്റവും നിസാരമായി കരുതിയിരിക്കുന്നതും ഇതു തന്നെയാണ്. ശരിയല്ലാത്തതും ഭാഗികമായതും ആയ വിവരങ്ങൾ വെച്ച് ഒരു വ്യാപാരത്തിൽ പണം നിക്ഷേപിക്കുന്ന ആൾ തന്റെ ഭാവിയെ നശിപ്പിക്കുകയാണ് ചെയ്യുന്നതു. ആരോഗ്യത്തെക്കുറിച്ച് കുറെ മാത്രം അല്ലെങ്കിൽ തെറ്റായ ചില അറിവുകൾ മാത്രം കൊണ്ടു ജീവിതം നയിക്കുന്ന ഒരാളുടെ ജീവിതത്തെ അതു ഇല്ലാതാക്കിയേക്കും. അതുപോലെയാണ് രക്ഷയെ സംബന്ധിച്ച് തെറ്റായതോ ഭാഗികമായതോ ആയ അറിവ് ഏതൊരാളെയും നിത്യജീവന്റെ ഭവനമായ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴിയാതാക്കും. തങ്ങൾക്കു ലഭിച്ച അവസരം പാഴാക്കി കഴിഞ്ഞതിനു ശേഷം നിരാശപ്പെടുന്നതിനേക്കാൾ അതു കിട്ടുമ്പോൾ നല്ലതുപോലെ തിരിച്ചറിഞ്ഞ് പ്രവർത്തിച്ചാൽ പകരം കിട്ടുന്നതു പ്രതിഫലമായിരിക്കും.

രക്ഷയെ കുറിച്ച് നാം ചിന്തിക്കുന്നതിനു മുൻപ്, ആദ്യത്തെ നമ്മുടെ അവസ്ഥയെ നാം മനസിലാക്കണം. എല്ലാവരും പാപം ചെയ്തു ദൈവത്തിന്റെ തേജസ് ഇല്ലാത്തവരായി തീർന്നു. ഒരാൾ, താൻ പാപിയാണെന്നു തിരിച്ചറിയാത്ത കാലത്തോളം രക്ഷയെ കുറിച്ച് പറഞ്ഞാൽ അയാൾക്കു അതു ചേമ്പിന്റെ ഇലയിൽ വെള്ളം ഒഴിക്കുന്നതുപോലെയാണ്. ഏതു സ്ഥലത്തുള്ളവനായാലും എത്ര വിദ്യാഭ്യാസം ലഭിച്ചവനായാലും ശരി കുറ്റരഹിതമായ ജീവിതം മനുഷ്യന് അസാദ്ധ്യം തന്നെ. തിരിച്ചറിവിൽ എത്തിയ എല്ലാവരും ഇതു സമ്മതിച്ചേ മതിയാകു. ന്യായീകരിക്കാൻ പലർക്കും വിരുതുകളുണ്ട്. പക്ഷെ ദൈവം അതു അംഗീകരിക്കണമല്ലൊ.

ആവശ്യമാണ് കണ്ടു പിടിക്കുന്നതിനോ അന്വേഷിക്കുന്നതിനോ സാഹചര്യം ഒരുക്കുന്നതു. രക്ഷ ആവശ്യമാണ് എന്ന തോന്നൽ ഉണ്ടാകുമ്പോൾ അന്വേഷിച്ച് കണ്ടെത്തും.

ദൈവ കൃപയാൽ ലഭിക്കുന്നതാണ് രക്ഷ എന്നതു നിസംശയം പറയാം. ക്രിസ്തു മുഖാന്തരം ദൈവം തന്റെ സ്നേഹാധിക്യത്താൽ വാഗ്ദാന പ്രകാരം നല്കുന്ന ദാനമാണ് ഇതു. സ്വയമായി അപ്രാപ്യവും നേടിയെടുക്കാൻ പറ്റാത്തതുമായ ഈ രക്ഷ ലോകത്തുള്ള എല്ലാ വ്യക്തികൾക്കും ഒരു പോലെ കിട്ടത്തക്ക ദാനമാക്കി വെച്ചിരിക്കുന്നു. ഒരു വ്യക്തിക്കും സ്വന്ത പ്രയത്നത്താൽ നേടാൻ കഴിയാത്ത രക്ഷ ദൈവം സൗജന്യമായി നല്കുന്നു എന്നതാണ് നല്ല വിശേഷം. മഹാദയയും കരുണയും ഇതിന്റെ പിന്നിൽ ഉണ്ട് എന്ന കാര്യം മറന്നുകളയരുത്.

എഫെസ്യർക്കു പൗലൊസ് എഴുതുമ്പോൾ "കൃപയാലല്ലൊ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെസ്യർ 2:8-9). ക്രിസ്തുവിന്റെ മരണത്താലുള്ള യാഗം ആണ് ഇതിനിടയായതു. ദൈവം മഹാ പരിശുദ്ധനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനുമാണ്. അശുദ്ധനായ മനുഷ്യന്റെ അശുദ്ധി നീക്കുവാൻ ദൈവത്തിനു മാത്രമെ കഴിയു. കാരണം മനുഷ്യന്റെ സൃഷ്ടാവും പിതാവുമാണ് ദൈവം. ദൈവ നീതിക്കു ഭംഗം വരാതെ നഷ്ടപ്പെട്ട തന്റെ മക്കളെ വീണ്ടെടുക്കുവാനുള്ള ദൈവത്തിന്റെ പദ്ധതിയാണ് രക്ഷ. വ്യാപാരവും തൊഴിലും; രാഷ്ട്രീയവും പോലെയല്ല ദൈവത്തോട് അടുക്കുക എന്നതു. അതിനു നമ്മുടെ കഴിവിലോ ബുദ്ധിയിലോ ആശ്രയിക്കുന്നതായാൽ ഫലം മാറിപോകും.

രക്ഷിക്കപ്പെടുന്നതിനു പ്രാധാന്യവും വിലയും ഉണ്ട്. കാരണം രക്ഷിക്കപ്പെടാത്തവർ കർത്താവിനോടു ചേരുന്നില്ല; കർത്താവിന്റെ സഭയോടു ചേർക്കപ്പെടുന്നില്ല; രക്ഷിക്കപ്പെടാതിരുന്നാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കയുമില്ല. വില മതിക്കാനാവാത്ത രക്ഷയുടെ ആവശ്യം ഇനിയും നിങ്ങൾക്കു ബോധ്യമായില്ലെങ്കിൽ പുതിയ നിയമ പുസ്തകങ്ങളിൽ ഒന്നായ അപ്പൊസ്തല പ്രവൃത്തികൾ വായിക്കുന്നു. മനസിലാകാത്തതു എഴുതി ചോദിക്കുക. അറിവില്ലായ്മ കൊണ്ട്,

ഉദാസീനത കൊണ്ട് നിങ്ങൾ ആത്മാവിനെ നിത്യ ശിക്ഷാവിധിയിലേക്കു അയക്കരുതു. അവസാനം തിരിഞ്ഞുവരുവാൻ കഴിയാത്ത അവസ്ഥ സംജാതമാകും. അതിനു മുൻപ് തീരുമാനിക്കുക.

✶

## വലിയമ്മയാവുക

### ബെറ്റി ബി. സി

അമ്മൂമ്മ എന്ന അവസ്ഥാ വിശേഷത്തിലെത്തിയവർക്ക് അറിയാം കൊച്ചു മക്കളോടുള്ള പ്രത്യേകത. വാർദ്ധക്യാവസ്ഥയിലേക്കു ലോകം എത്താതെ യുവത്വത്തിന്റെ പ്രകാശധാരയിൽ തന്നെ തിളങ്ങി നില്ക്കുന്നതിന്റെ രഹസ്യം മറ്റൊന്നുമല്ല. കുട്ടികളെ നോക്കി പലരും പ്രസംഗിക്കാറില്ലേ? നാടിന്റെ നട്ടെല്ലാണ് അവർ ഭാവിയുടെ വാഗ്ദാനങ്ങളാണ് എന്നെല്ലാം. ആ തത്വങ്ങളെല്ലാം നാം ശരിയായി നമ്മുടെ കുടുംബങ്ങളിലേക്കു തന്നെ നോക്കിയാൽ കാണാം.

കൊച്ചുമക്കളെ വഷളാക്കുന്നതു മുത്തച്ഛന്മാരും മുത്തച്ഛിമാരും ആണെന്ന പ്രസ്താവനയിൽ അല്പമെങ്കിലും വാസ്തവം കടന്നു കൂടിയിട്ടില്ലേ എന്നു എനിക്കും സംശയമുണ്ട്. അവരെത്തന്നെ കുറ്റപ്പെടുത്തുന്നതിലും കാര്യമില്ല.

ക്രിസ്ത്യാനിയായ അമ്മൂമ്മ തന്റെ സ്വാധീനത്തിൻ കീഴിലുള്ള പുതിയ തലമുറയെ എങ്ങനെ കൈകാര്യം ചെയ്യും? അവരുടെ ആഗ്രഹങ്ങളെല്ലാം നിറവേറ്റിക്കൊടുക്കുമോ അതോ അസഹനീയമായ അവരുടെ സ്വഭാവം കണ്ടും കേട്ടും മടുത്തു കഴിഞ്ഞ് അവരുടെ മാതാപിതാക്കളെ ഏല്പിച്ച് നീണ്ട നെടുവീർപ്പിട്ട് ആശ്വസിക്കുമോ?

അമ്മൂമ്മ എന്ന പദത്തിൽ തന്നെ വാർദ്ധക്യത്തിന്റേയും, വിചാരത്തിൽ പക്വതയുടെയും ജ്ഞാനത്തിന്റേയും ക്ഷമയുടേയും ധ്വനി നമുക്കു ദർശിക്കാം. ഇവയെല്ലാം കാലം കടന്നു പോകുമ്പോൾ അനുഭവങ്ങളിലൂടെ ക്രിസ്തീയ സ്വഭാവത്തിന്റെ മേന്മയിലെത്തുന്നവയാണ്. തന്റെ സ്വന്തം കുട്ടിയെ വളർത്തിക്കൊണ്ടു വരുമ്പോൾ ഉണ്ടായിരുന്ന സ്വഭാവത്തിൽ നിന്നും

വളരെ ദൂരം പിന്നിട്ട ഒരു സ്ഥിതിയിലേക്ക് അവൾ ക്രിസ്ത്യാനിയായി തീർന്ന ശേഷം മാറുന്നു.

"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; വൃദ്ധനായാലും അവൻ അതുവിട്ടുമാറുകയില്ല" (സദൃശ്യവാക്യങ്ങൾ 22:6)

തിമൊഥെയോസ് എന്ന പേരിൽ ഒരു ക്രിസ്ത്യാനി ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. അവന്റെ വലിയമ്മ ലോവീസിൽ നിന്നും അമ്മ യൂനീക്കയിൽ നിന്നും ദൈവത്തെ കുറിച്ച് കേട്ടു പഠിച്ച ഒരു വലിയ വിശ്വാസിയായിരുന്നു അവൻ. ബാല്യം മുതൽ ദൈവവചനത്തിൽ പഠനം ലഭിച്ചവനായിരുന്നു തിമൊഥെയോസ് എന്ന് 2 തിമൊഥെയോസ് 3 ന്റെ പതിനഞ്ചാം വാക്യം പറയുന്നു. എത്ര മനോഹരമായ നിമിഷങ്ങളായിരുന്നിരിക്കണം അവൻ തന്റെ വലിയമ്മയുമൊത്ത് ചെലവഴിച്ചിരുന്നതു! അബ്രഹാം, ഐസക്, യാക്കൊബ്, മോശെ, നോഹ, ദാവീദ് തുടങ്ങി എത്ര എത്ര ഹൃദയ സ്പർശിയായ വ്യക്തിത്വങ്ങളെ തിരുവെഴുത്തിൽ നിന്നും അവനു പഠിക്കാൻ കഴിഞ്ഞു. അവരുടെ ജീവിതത്തിലൂടെ വിശ്വാസവും അനുസരണവും എന്തു എന്നു അവൻ പഠിച്ചു.

തീത്തൊസ് 2:4-ൽ വലിയമ്മമാർക്കു കൊച്ചു മക്കളോടു ചെയ്യാവുന്ന സഹായകരമായ ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. യൗവനക്കാരത്തികളായ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ സ്നേഹിക്കേണ്ടതിനു അവരെ ശീലിപ്പിക്കണം. മക്കളെ സ്നേഹത്തിൽ വളർത്തേണ്ടതിനും അവരെ പഠിപ്പിക്കണം. 'സ്നേഹം' എന്നതു വൈകാരികമായി ഒരാൾക്കു മറ്റൊരാളോടു ഉണ്ടാകുന്ന അടുപ്പമായി പലരും ധരിച്ചു വെച്ചിരിക്കയാണ്. മറ്റൊരാളുടെ അഭ്യുദയത്തെ ലക്ഷ്യമാക്കി ആ വ്യക്തിക്കുവേണ്ടി നന്മ പ്രവർത്തിക്കുക എന്നതാണ്.

പ്രായം ചെന്ന സ്ത്രീകൾക്ക് അവരുടെ ജീവിതത്തിന്റെ ഏടുകളിൽ കുടുംബ ബന്ധങ്ങളിൽ അനുഭവപ്പെട്ട ശേഖരങ്ങളിൽ തെറ്റുകളും ശരികളും അനവധി കാണും അങ്ങനെ പഠിച്ച കാര്യങ്ങൾ യുവതലമുറക്കു പകർന്നു കൊടുക്കാൻ സാധിക്കും. അവരുടെ ബുദ്ധിയും വിവേകവും ജ്ഞാനവും മറ്റും മികവുറ്റതാണെന്നു കണ്ടെത്താം. ആലോചന ഒന്നുകൊണ്ടും മോശമാകയില്ല. ഏതു കാര്യത്തിലും കുട്ടികൾക്ക് നേർവഴി ചൂണ്ടികാണിക്കുന്നതിനു

അമ്മൂമ്മമാർക്കു കഴിയും. അതിനുള്ള ക്ഷമ നേടിയെടുക്കണമെന്നു മാത്രം.

യൗവനക്കാരത്തി ഭാര്യമാരെ അവരുടെ ഭർത്താക്കന്മാരെയും കുഞ്ഞുങ്ങളേയും സ്നേഹിക്കാൻ പഠിപ്പിച്ചാൽ, ആ സ്നേഹം ശരിയായി പ്രയോഗിച്ചാൽ. ഒരു ഉറപ്പുള്ള ഭവനത്തിനു അടിത്തറ പാകാൻ അങ്ങനെ കഴിയും. കുട്ടികൾ ശിക്ഷണത്തിൽ വളർന്നില്ലെങ്കിൽ തെറ്റി പോകാനിടയുണ്ട്. അവരുടെ ബലഹീനതകളും സംസാരത്തിലും പ്രവൃത്തിയിലും വർദ്ധിച്ചു വരുന്ന വൈകല്യങ്ങൾ ഇവ കണ്ടിട്ടും കണ്ണടക്കുന്ന രക്ഷകർത്താക്കളെ നിലക്കു നിർത്താനും വേണ്ട നിർദ്ദേശം വേണ്ടപ്പോൾ കൊടുക്കാനും പ്രായമായവർക്കു കഴിയും. ചിലപ്പോൾ കുട്ടികൾക്ക് അതിലാളനയും മറ്റു ചിലപ്പോൾ കർശന ശിക്ഷയും കൊടുക്കുന്നതു കാണാം. മിതമായ ശിക്ഷണവും ആവശ്യമുള്ളപ്പോൾ പരിമിതമായ വാത്സല്യവും ഒത്തിണങ്ങികൊടുക്കാൻ ശ്രദ്ധിക്കണം. അടുത്ത സമയം അവരുടെ ആത്മിയവും ഭൗതികവുമായ ആവശ്യങ്ങൾ മനസിലാക്കുകയും വേണം. മുഖപക്ഷം അവർക്കിടയിൽ ഉണ്ടാകരുതു. അതു ചിലരെ അസൂയാലുക്കളും മറ്റുള്ളവരെ അലസരും ആക്കിമാറ്റും. ഉപദേശം കൊടുക്കുമ്പോൾ വലിയമ്മമാർ ശ്രദ്ധിക്കേണ്ട കാര്യം ഈ പ്രായത്തിൽ അവർ എങ്ങനെയായിരുന്നു എന്നു ഓർമ്മിക്കുന്നതു നന്നായിരിക്കും. ഒരു ഭാര്യ എന്ന നിലയിൽ ഞാൻ എങ്ങനെയായിരുന്നു? അമ്മയായി തീർന്നപ്പോൾ ഞാൻ ഏതു തരക്കാരിയായിരുന്നു? അതേ ബഹുമാനത്തോടും ദയവോടും കൂടെ വേണം മുതിർന്നവരോടു പെരുമാറുവാൻ. അതേ സ്വഭാവം നാം കുട്ടികൾക്കും കൊടുക്കേണ്ടേ? തീർച്ചയായും വേണം.

ശരിയായ കാഴ്ച്ചപ്പാടു വെച്ച് നോക്കിയാൽ, കുട്ടികൾക്കു ആവശ്യമായ അധിക സ്നേഹവും ശ്രദ്ധയും ചിലപ്പോൾ വലിയമ്മമാർക്കു നല്കുവാൻ കഴിയും. അവളുടെ മാതൃകാ ക്ഷമയും, ഇന്ദ്രിയജയവും ദൈനന്തിന പ്രശ്നങ്ങളെ നേരിടുവാനുള്ള തന്മയത്വവും അവരെ പഠിപ്പിക്കുമ്പോൾ അവർ സൽഗുണ പൂർണ്ണരായി മാറും. കുട്ടികളിൽ ദൈവിക ബഹുമാനവും സത്യത്തോടുള്ള പ്രതിപത്തിയും അവരുടെ വാക്കുകളിൽ നിന്നും കിട്ടും. വലിയമ്മമാർ അവരുടെ കൈകൾക്കു ചുറ്റുമുള്ള

കുട്ടികൾക്കു മധുരിക്കുന്ന ഓർമ്മകളും ആത്മിയ ചൈതന്യവും കരുതലും എന്നെന്നും അവർ മായാ മുദ്രകളും ആയിരിക്കും.

✶

# രഹസ്യമായ ഏറ്റു പറച്ചിൽ

## എസ്. വില്യംസ്

നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1 യോഹന്നാൻ 1:9). ഇതു ലോകത്തുള്ള എല്ലാ മനുഷ്യരേയും ഉൾപ്പെടുത്തി പറഞ്ഞിരിക്കുന്നതല്ല.

ക്രിസ്തുവിന്റെ പരിജ്ഞാന പ്രകാരം ക്രിസ്ത്യാനികളായി തീർന്നവർ തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞു ദൈവത്തിന്റെ ധാരാളമായ കരുണയും ക്ഷമാപണവും പ്രാപിക്കണം. എപ്പോഴെല്ലാം, എങ്ങനെ, എവിടെ വെച്ച് ഇതു വേണം എന്നു നമ്മോടു പ്രതിപാദിച്ചിട്ടില്ല. നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ നേരിടുന്ന സന്ദർഭങ്ങൾ വിവിധങ്ങളാണല്ലോ. അതുകൊണ്ടാണ് ക്ലിപ്തമായി അതു വിവരിക്കാതിരിക്കുന്നതു. എന്നാൽ പൊതുവായി നാം അതു ചെയ്യേണ്ടതുമാണ്.

ഒരാൾ ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ ഒരു സ്വയപരിശോധനയോടെ വേണം പാപങ്ങളെ ഏറ്റുപറയുവാൻ എന്നു ന്യായപ്രമാണം ആവശ്യപ്പെട്ടിരിക്കുന്നു. “ദൈവമേ ഞാൻ പാപിയാകുന്നു” എന്നു പൊതുവായി ഏറ്റു പറയുന്നവരുണ്ട്. പക്ഷേ അതുപോരാ. കൃത്യമായി ചെയ്ത തെറ്റുകൾ ഓരോന്നും തുറന്നു സമ്മതിക്കണം. ആവശ്യങ്ങൾ ഓരോന്നും എടുത്ത് എടുത്ത് പ്രാർത്ഥിക്കാറില്ലേ? അതുപോലെ തന്നെ പാപങ്ങളും ഓരോന്ന് എണ്ണി എണ്ണി പറയുന്നതാണ് ഉത്തമം. ആത്മാർത്ഥത നമ്മുടെ ഏറ്റു പറച്ചിലിൽ ഉണ്ടാകണം.

പ്രത്യേകമായി ഓരോ അകൃത്യവും നാം ദൈവത്തോടു ഏറ്റു പറയുന്നതുകൊണ്ടുള്ള ഗുണം പാപഭാരവും കുറ്റാരോപണവും നമ്മിൽ കുറയുന്നതോടൊപ്പം ഭാവിയിൽ ഇതേ പരീക്ഷണങ്ങൾ നേരിടുമ്പോൾ അവയെ അതിജീവിക്കാൻ തക്ക സഹായം നമുക്കു

ദൈവത്തിൽ നിന്നുണ്ടാകും. നമ്മുടെ ജീവിതത്തിലെ കുറവുകൾ നമുക്കു കാണാൻ കഴിയും. ശ്രദ്ധേയമായ ജീവിതത്തിനു അതു ഉപകരിക്കയും ചെയ്യും. ജീവിത ശൈലി നേരായി തുടരുവാൻ ഇത്തരം ഏറ്റുപറച്ചിൽ ആവശ്യമാണ്. അതല്ലെങ്കിൽ ഹൃദയം കഠിനപ്പെട്ടു പോകും.

നാം വെറും ഒരു പൊതുവായ രീതിയിൽ നമ്മുടെ പാപങ്ങളെ ഏറ്റു പറയാതെ ഓരോന്നും വേർതിരിച്ച് പറയുമ്പോൾ അതിൽ ജീവനുണ്ട് എന്നു പറയാം. പരമാർത്ഥതയും അതിൽ കാണാം. പൊതുവായ ഒരു ഏറ്റു പറച്ചിലാണെങ്കിൽ അതു പൊള്ളയായ, വെറും ചടങ്ങിനു വേണ്ടി പറയുന്ന ചൊല്ലൽ മാത്രമായിരിക്കും. മറ്റാർക്കെങ്കിലും വേണ്ടി അല്ലെങ്കിൽ ഒരു കടം കഴിക്കൽ ആയി മാറുന്ന ഏറ്റുപറച്ചിൽ കൊണ്ട് പ്രയോജനമില്ല. മാനസികമായോ ആത്മികമായോ അതിനു പറയത്തക്ക ഫലമൊന്നും കിട്ടുകയില്ല. വീണ്ടും തെറ്റുകൾ ആവർത്തിക്കുന്നവരെ ശ്രദ്ധിച്ചാൽ അവർ പൊതുവായ ഏറ്റു പറച്ചിൽ നടത്തുന്നവരാണ് എന്നു തെളിയും.

ഒരു വ്യക്തിയുടെ ഓരോ ദിവസത്തേയും അബദ്ധങ്ങളുടെ പട്ടിക അവൻ ദൈവ മുൻപാകെ നിരത്തി വെക്കുമ്പോൾ, മടികൂടാതെ ഒരു മാറ്റം വരുത്തുവാൻ അയാൾ ആഗ്രഹിക്കുന്നു എന്ന സൂചന അതിലുണ്ട്. അതു ഹൃദയ സ്പർശിയായ ഒന്നായിരിക്കും. തന്നെയുമല്ല അതു മനസാക്ഷിയെ ഉണർത്തും പാപത്തെ ചെറുക്കും. ന്യായപ്രമാണ ഉപദേശം വിലപ്പെട്ടതാണ്. നാം പ്രാർത്ഥിക്കുമ്പോൾ ആ ദിവസം ചിന്തിച്ച, പ്രവൃത്തിച്ച, സംസാരിച്ച എല്ലാ കുറ്റങ്ങളേയും പരിശോധിക്കണം. ചില സന്ദർഭങ്ങളിൽ, പരീക്ഷാസമയങ്ങളിൽ, നമുക്കു സ്വയമായി ഉണ്ടായതായ ബലഹീനതകളെ എല്ലാം നാം തരം തിരിച്ച് മനസിലാക്കിയിട്ടു വേണം തിരുത്തുവാൻ. അല്ലാതെ തിരുത്തുവാൻ പ്രയാസമാണ്. എല്ലാ സമയത്തും നാം ബോധവാന്മാരാകണം. അബോധാവസ്ഥയിലല്ല എന്നതു നമ്മുടെ ഏറ്റു പറച്ചിലിൽ ദൈവത്തിന് ബോധ്യമാകണം.

നിങ്ങൾ, നിങ്ങളുടെ പാപങ്ങൾ. ദൈവത്തോടു തുറന്നു പറയാറുണ്ടോ?ക്രിസ്ത്യാനിയായി തീർന്നിട്ടില്ലെങ്കിൽ ആദ്യമായി ദൈവവചനം അനുസരിക്കുക. അതിനുശേഷമാകണം വചനാനുസരണമുള്ള ജീവിതത്തിൽ ഈ രഹസ്യ ഏറ്റുപറച്ചിൽ.

★

*Watch!*

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

## Bro.P.K. VARGHESE

**Saturday 6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ
വർഗ്ഗീസ്
പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും
രാവിലെ 6 മണിക്ക്
ജയ്ഹിന്ദ് ടിവിയിൽ
കേൾക്കുക!